കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ലാ പഞ്ചായത്ത് - ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് വിദേശ ഉപരിപഠനത്തിന് ധനസഹായം നല്കുന്നത് - അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം.3038/2018/ തസ്വഭവ തിരുവനന്തപുരം, തീയതി, 30.11.2018.

---

പരാമർശം - 1. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 21/07/2018 ലെ ഡിപി15/2527/2018 നം. കത്ത്.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16/10/2018 തീയതിയിലെ 4.5, 4.6 നമ്പർ തീരുമാനം

## ഉത്തരവ്

എറണാകുളം ജില്ലാ പഞ്ചായത്ത് ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുട്ടികളായ കുമാരി.അജിൻഷ, കൈപ്രപ്പടി ഹൗസ്, ശ്രീമൂല നഗരം, ശ്രീ.വൈശാഖ് സുരേന്ദ്രൻ, കടുകപ്പിള്ളി ഹൗസ്, ശ്രീമൂല നഗരം എന്നിവർക്ക് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ എസ്.സി വിദ്യാർത്ഥികൾക്ക് വിദേശ ഉപരി പഠനം പദ്ധതിയിൽ ഉൾപ്പെടുത്തി VINNYTSIA NATIONAL MEDICAL UNIVERSITY, UKRAINE എന്ന സ്ഥാപനത്തിൽ 6 വർഷത്തെ മെഡിക്കൽ കോഴ്സിന് പഠിക്കുന്നതിന് അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നു.

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 16/10/2018 തീയതിയിലെ യോഗം ഇക്കാര്യം പരിശോധിച്ചു. കമ്മിറ്റിയുടെ പരാമർശം (2) ലെ തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ പട്ടിക ജാതി വികസന വകുപ്പിന്റെ മറ്റ് മാനദണ്ഡങ്ങൾ പാലിക്കണമെന്ന നിബന്ധനയോടെ ,ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിലെ പട്ടികജാതി വിഭാഗത്തിൽപ്പെട്ട കുമാരി.അജിൻഷ, കൈപ്രപ്പടി ഹൗസ്, ശ്രീമൂല നഗരം, ശ്രീ.വൈശാഖ് സുരേന്ദ്രൻ, കടുകപ്പിള്ളി ഹൗസ്, ശ്രീമൂല നഗരം എന്നീ വിദ്യാർത്ഥികൾക്ക് എറണാകുളം ജില്ലാ പഞ്ചായത്തിന്റെ എസ്.സി

( ..........2 )

വിദ്യാർത്ഥികൾക്ക് വിദേശ ഉപരി പഠനം പദ്ധതിയിൽ ഉൾപ്പെടുത്തി VINNYTSIA NATIONAL MEDICAL UNIVERSITY, UKRAINE എന്ന സ്ഥാപനത്തിൽ 6 വർഷത്തെ മെഡിക്കൽ കോഴ്സിന് പഠിക്കുന്നതിന് ധനസഹായം നല്കുന്നതിന് എറണാകുളം ജില്ലാ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി/പ്രസിഡണ്ട്, എറണാകുളം ജില്ലാ പഞ്ചായത്ത്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ്, തിരുവനന്തപുരം
തദ്ദേശസ്വയംഭരണ (ഒ . എസ്) വകുപ്പ്, ഡിബി2/257/2018
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ